വിനോദസഞ്ചാരികളെ ആകർഷിക്കാൻ പദ്ധതി

371 (2201) ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. പാലോട് രവി :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകപ്പ് വിനോദസഞ്ചാരികളെ ആകർഷിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വദേശികളും വിദേശികളുമായ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും താരതമ്യേന ചെലവ് കുറഞ്ഞതുമായ രീതിയിൽ ജലഗതാഗത മേഖലയിൽ ടൂറിസം നടപ്പിലാക്കുന്നതിന് ടി പദ്ധതി ലക്ഷ്യമിടുന്നു.

(സി) ഭരണതലത്തിലുള്ള അനുമതി ലഭിച്ചശേഷമാണ് കൊല്ലം-ആലപ്പുഴ ടൂറിസ്റ്റ് സർവ്വീസും ആലപ്പുഴ-കൊല്ലം സർവ്വീസും പുനരാരംഭിച്ചത്. 19-1-2012-ലെ സ.ഉ.(സാധാ) നമ്പർ 25/2012/ഗതാ. പ്രകാരമാണ് ആലപ്പുഴ-കൂട്ടനാട് പാസഞ്ചർ-കം-ടൂറിസ്റ്റ് സർക്കുലർ ബോട്ട് സർവ്വീസ് 'സീ-കുട്ടനാട്' എന്ന പേരിൽ 23-5-2012 മുതൽ ആരംഭിച്ചിട്ടുള്ളത്. നിലവിൽ പുതുതായി വൈക്കം-എറണാകുളം റൂട്ടിൽ ഒരു പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ട് വാങ്ങുന്നതിന് സർക്കാർ ഉത്തരവ് (ആർ‌റ്റി.) നമ്പർ 336/2015/ട്രാൻസ്, തീയതി 27-7-2015 പ്രകാരവും ആലപ്പുഴ-കമരകം-കോട്ടയം റൂട്ടിൽ മറ്റൊരു ടൂറിസ്റ്റ്-കം-സർവ്വീസ് ബോട്ട് വാങ്ങുന്നതിന് സർക്കാർ ഉത്തരവ് (ആർ‌റ്റി.) നമ്പർ 335/2015/ട്രാൻസ്, തീയതി 27-7-2015 പ്രകാരവും ഭരണാനുമതി നൽകിയിട്ടുണ്ട്.

(1856, 1860, 1895, 1910, 1983, 2022, 2090, 2171 എന്നീ നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

GPM.2/240/2020-56

LIBRARY ARCHIVES Kerala Legislative Assembly